"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - കൊല്ലം ഈസ്റ്റ് കല്ലട സി.വി.കെ.എം.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.ടി.(കംപ്യൂട്ടർ സയൻസ്) ആയ ശ്രീ.ജോസഫ് കുട്ടി.എം. ഫയൽ ചെയ്ത WP(C)No. 4744/2023 കേസിൽ ബഹു.ഹൈക്കോടതി 13.02.2023 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.4385/2025/GEDN തീയതി,തിരുവനന്തപുരം, 02-07-2025

---

പരാമർശം:-

1. WP(C)No. 4744/2023 കേസിൽ ബഹു. ഹൈക്കോടതി 13.02.2023 തീയതിയിലെ വിധിന്യായം
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കൻഡറി വിഭാഗം) 17.12.2024-ലെ എസിഡി ബി3/509/2023/എച്ച്എസ്ഇ നമ്പർ കത്ത്
3. കൊല്ലം സ്പെഷ്യൽ ജഡ്ജ് പുറപ്പെടുവിച്ച സെഷൻ കേസ് നം.74/2023, 75/2023, 76/2023 എന്നിവയിലെ വിധിന്യായം

<u>ഉത്തരവ്</u>

കൊല്ലം ഈസ്റ്റ് കല്ലട സി.വി.കെ.എം.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.ടി.(കംപ്യൂട്ടർ സയൻസ്) ആയ ശ്രീ.ജോസഫ് കുട്ടി.എം. ഫയൽ ചെയ്ത WP(C)No.4744/2023 കേസിൽ ബഹു.ഹൈക്കോടതി 13.02.2023 തീയതിയിൽ വിധി പ്രസ്താവിക്കുകയുണ്ടായി. ടി വിധിന്യായം കൈപ്പറ്റി ഒരു മാസത്തിനകം ഹർജിക്കാരനെയും മാനേജരെയും (R5) നേരിൽ കേൾക്കുന്നതിനും, EXT P8 (TRO-05/508/VHS/2022 dtd 9.2.2023 of RDD, TVM)-നെതിരെ ഹർജിക്കാരൻ സമർപ്പിക്കുന്ന Revision Petition പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും കോടതി ഉത്തരവായി. അതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ പ്രതിനിധി, മാനേജരുടെ പ്രതിനിധി, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി, മേഖലാ ഉപമേധാവി എന്നിവരെ 12.04.2023 തീയതിയിൽ google meet മുഖേന കേൾക്കുകയുണ്ടായി.

2.ഹർജിക്കാരന്റെ വാദങ്ങൾ ഇപ്രകാരമാണ് :

1) കല്ലട സി.വി.കെ.എം.എച്ച്.എസ്.എസ്.ൽ എച്ച്.എസ്.എസ്.റ്റി. (കമ്പ്യൂട്ടർ

സയൻസ്) അധ്യാപകനായി **09-09-2013** മുതൽ നിയമനം കിട്ടുകയും ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരത്തോടു കൂടി തുടർന്നു വന്നു. മൂന്നു പെൺകുട്ടികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ എനിക്കെതിരെ ഈസ്റ്റ് കല്ലട പോലീസിൽ പോക്സോ കേസ്സ് ചാർജ്ജ് ചെയ്ത് **24-11-2022**-ൽ കസ്റ്റഡിയിൽ എടുക്കുകയും കോടതി എന്നെ റിമാൻഡ് ചെയ്യുകയും ചെയ്തു.

**2)**. മാനേജർ **28-11-2022**-ലെ ഉത്തരവു പ്രകാരം **15** ദിവസത്തേയ്ക്ക് എന്നെ സസ്പെൻഡ് ചെയ്തതായി മനസ്സിലാക്കുന്നു. ആ സമയം ഞാൻ റിമാൻഡിൽ ആയിരുന്നതിനാൽ സസ്പെൻഷൻ ഉത്തരവ് കിട്ടിയില്ല.

**3)**. ബഹു. കൊല്ലം സെഷൻസ് കോടതി മൂന്നു കേസിലും പ്രത്യേകം പ്രത്യേകം **15-12-2022**-ൽ ജാമ്യം അനുവദിച്ചുകൊണ്ടുള്ള വിധി പ്രസ്താവം നടത്തുകയും ഞാൻ ജയിൽ മോചിതനാകുകയും ചെയ്തു. **(Ext P1 (A. B. C)**. ഞാൻ സ്കൂളിലോ, ഈസ്റ്റ് കല്ലട പോലീസ് പരിധി പ്രദേശത്തോ പ്രവേശിക്കരുതെന്ന് ജാമ്യവ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**4)**. സ്കൂളിൽ തുടർന്ന് ജോലി ചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കി തരണമെന്നാവശ്യപ്പെട്ടു മൂന്നു ജാമ്യ ഉത്തരവുകളുടെയും പകർപ്പുകൾ സഹിതം **20-12-2022**-ൽ മാനേജർക്കും പ്രിൻസിപ്പലിനും അപേക്ഷ കൊടുക്കുകയുണ്ടായി. **(Ext P2, A & B)**. എന്നാൽ, യാതൊരു വിധ നടപടിയും ഉണ്ടാകാതെ വന്നതിനാൽ **28-12-2022**-ൽ റീജിയനൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ കൊടുത്തു. **(Ext P3). 27-01-2023**-ൽ മാനേജർ എന്നെ **15** ദിവസത്തേയ്ക്ക് സസ്പെൻഡു ചെയ്തുകൊണ്ട് **27-01-2023**-ൽ ഉത്തരവായി. **(Ext P4).**

**5)**. "മേൽ പ്രസ്താവിച്ച സാഹചര്യത്തിൽ പരാതിക്കാരായ വിദ്യാർഥികളുടേയും സ്റ്റുഡന്റ് കൌൺസിലറുടേയും മൊഴിയുടെ അടിസ്ഥാനത്തിലും കൊല്ലം ജില്ലയിലെ ഈസ്റ്റ് കല്ലട സി.വി.കെ.എം. ഹയർ സെക്കൻഡറി സ്കൂളിലെ മാനേജരുടെ കത്തിന്റെ അടിസ്ഥാനത്തിലും ശ്രീ. ജോസഫ് കുട്ടിയെ ടിയാൻ ജൂഡീഷ്യൽ കസ്റ്റഡിയിലായ **24-11-2022** മുതൽ കേസ് അന്വേഷണം പൂർത്തിയാക്കുന്നതു വരെ. കെ.ഇ.ആർ. ചട്ടം **67** അദ്ധ്യായം **XIV A**-യുടെ പിൻബലത്തിൽ വേലവിലക്ക് (സസ്പെൻഷൻ) നടപടി സ്വീകരിച്ച് ഉത്തരവാകുന്നു." എന്ന് രേഖപ്പെടുത്തി ആർ.ഡി.ഡി. **09-02-2023**-ൽ റ്റി.ആർ.ഒ.-**05/508**/ഹ.സെ.റി./**2022** ഉത്തരവായി. **((Ext P5).**

ടി ഉത്തരവു പരിശോധിച്ചാൽ.-

**i.** ഇതിലെ സൂചന പരിശോധിച്ചാൽ ജാമ്യം കിട്ടി വന്ന എന്നെ തിരികെ പ്രവേശിക്കുന്നതിന് മാനേജർക്കും, പ്രിൻസിപ്പലിനും കൊടുത്ത അപേക്ഷ പരിഗണിക്കാതിരുന്നതിനെതിരേ ഞാൻ **28-12-2022**-ൽ ആർ.ഡി.ഡി.ക്ക് കൊടുത്ത അപേക്ഷ പരിഗണിച്ചതായി കാണുന്നില്ല,

ii. ഉത്തരവിൽ **24-11-2022** മുതൽ **deemed Suspension** (കൽപ്പിത വേലവിലക്ക്) ആണെന്ന് മാനേജർ സൂചന (1) പ്രകാരം അറിയിച്ചിട്ടുണ്ട് എന്നു രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ **deemed suspension 15-12-2022**-ൽ അവസാനിച്ച കാര്യം ആർ.ഡി.ഡി. അവഗണിച്ചു.

iii. **deemed Suspension** അവസാനിച്ചോയെന്ന് ആർ.ഡി.ഡി. അന്വേഷിച്ചില്ല. അതിനാൽ ഉത്തരവായ **09-02-2023**-ലും ഞാൻ **deemed suspension** -ലാണെന്നു ധ്വനി ഉണ്ടാകുന്നു.

iv. ഉത്തരവിന്റെ പിൻബലമായി ചട്ടം **67**, അദ്ധ്യായം **XIV A** എന്നല്ലാതെ ചട്ടം **67**-ന്റെ ഉപവകുപ്പു രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ആർ.ഡി.ഡി. യുടെ ഉത്തരവ് അസാധുവാണ്.

6). എന്റെ സസ്പെൻഷൻ **deemed suspension** ആണെന്ന കാര്യത്തിൽ മാനേജർക്കും, അർ.ഡി.ഡി.ക്കും ഏകാഭിപ്രായമാണെന്ന് ആർ.ഡി.ഡി. യുടെ **09-2-2023**-ലെ ഉത്തരവിൽ നിന്നു വ്യക്തമാണ്.

**XIV A** -യിലെ റൂൾ **67 (3)**-ൽ **deemed suspension**-നെ കുറിച്ച് പറയുന്നത് ഇപ്രകാരമാണ്.

**"A teacher who is detained in custody, on a Civil, Criminal or other proceedings for a period exceeding 48 hours, shall be deemed to have been under suspension during that period and he cannot draw his Pay and allowances, other than subsistence allowance, allowable, under the rule till the final termination of such proceedings"** എന്നാണ്.

ക്രിമിനൽ കേസ്സിൽ പ്രതിയാകുകയും **48** മണിക്കൂറിലധികം കസ്റ്റഡിയിൽ ഞാൻ കഴിയേണ്ടിയും വന്നതിനാൽ എന്റെ കേസ്സിൽ **"attract"** ചെയ്യുന്നതാണ് റൂൾ **67 (3).**

ഈ റൂളിൽ നിന്നും **6** കാര്യങ്ങൾ വ്യക്തമാക്കുന്നു. അവ :-

i. **48** മണിക്കൂറിലധികം കസ്റ്റഡിയിലാണെങ്കിൽ ആ കാലയളവ് സസ്പെൻഷനിലായിരിക്കും.

ii. മാനേജരുടെ സസ്പെൻഷൻ ഉത്തരവ് അനിവാര്യമല്ല ;

iii. ഈ കാലയളവിൽ ജീവനബത്ത അല്ലാതെ ശമ്പളത്തിനോ, മറ്റ് അലവൻസുകൾക്കോ അർഹതയില്ല ;

iv. കസ്റ്റഡിയിൽ ആയി കഴിഞ്ഞാൽ കസ്റ്റഡി നടപടികൾ തീരുന്നതുവരെ അതായത് ജാമ്യം ലഭിക്കുന്നതുവരെയാണ് **deemed Suspension.**

v. കസ്റ്റഡിയുമായി ബന്ധപ്പെട്ട നടപടികൾ തീരുന്നതുവരെ സസ്പെൻഷനിലായിരിക്കും ;

vi. കസ്റ്റഡിയുടെ പേരിൽ ക്രിമിനൽ കേസ് നടപടികൾ അവസാനിക്കുന്നതുവരെ സസ്പെൻഷനിലായിരിക്കുമെന്ന് വ്യവസ്ഥയില്ല.

7). ബഹു. ഹൈക്കോടതി XIV A-യിലെ റൂൾ 67(3) പരിശോധിച്ച് പുറപ്പെടുവിച്ച വിധി 1975 ICO 1006 (EXT P6) ആയി റിപ്പോർട്ടു ചെയ്തിട്ടുള്ളതിലെ Para 4 -ൽ :

"The learned Government pleader relies on the wording of 67(3) of chapter XIV A of the rules and contends that till the final termination of such proceedings the petitioners will be entitled to subsistence allowance and so it goes without saying that they will have to continue under suspension. The learned Government pleader admits that the suspension was under R67 (3) of chapter XIV A of the Rules and not under R67(1)." It seems there is considerable force in the contentions of the Petitioner's counsel, R. 67(3).

Under 67 (3), of course there is power of deemed suspension. But that suspension can only continue as long as the teacher continues to be detained in custody. The rule does not permit the deemed suspension to continue when once the teacher is released on bail. From the moment the suspension ceases, the teacher is entitled to attend the school and it goes without saying that the teacher should get full pay and allowance from that moment. Even if a teacher who is released on bail could not actually work because he was prevented from attending the school by the Manager or the departmental authorities he should get his Pay and allowances on his release on bail. Under Rule 67 (3) a teacher can kept under suspension only till he is released as bail or otherwise free from custody. So a suspension under Rule 67 (3) beyond the period of detention in custody is nothing but an illegal prevention of the teachers from attending the school. A teacher who is illegally prevented from attending the school cannot be denied her pay and allowances. This court has already held so in Kavukutty V Regional Deputy Director of Public Instruction, Ernakulam O.P. No. 2228 of 1971. The words "and he cannot draw his pay and allowance other than subsistence allowance allowed under the rules, till the final termination of such proceedings" in the first sentence in R- 67 (3) can only mean that till the final termination of the proceedings the teacher can, for the period of suspension which is the same as the period of detention in custody, get only the subsistence allowance. Even for this period the teacher will get the full pay and allowance minus the subsistence allowance already paid after the termination of the proceedings if he is acquitted or if he proves that the liability for the Civil

**proceedings arose under circumstances beyond his contract. No other construction is possible because when the deemed suspension can only be for the period of detention how can the teacher be paid subsistence allowance for a period beyond the period of detention. This will be against the fundamental principles governing the payment of subsistence allowance. It can very well be due to a drafting anomaly also, that the wording of the rule happened to be as it is now. It is pertinent to note that R67A of chapter XIV A of the rule added by notification published in Kerala Gazette dated 13th February 1968 is more clear in that respect. In R67A the payment of subsistence allowance is limited to period of suspension which is the same as the period of detention. If this is the position under R 67A there is no reason why the position under R67 (3) should be different.**

**Para 5 :**

**For the reasons stated above I hold that the petitioners were only under suspension, till they were released on bail. Thereafter, the petitioners were entitled to attend the school : Respondent 1 and 2 under the impression that the suspension will continue till the final termination of the proceedings have illegally prevented the Petitioners from attending the school. The petitioners are to be paid their Pay and allowances from the date on which they were let on bail. If the petitioners are still not allowed to attend the school|respondent 1 and 2 should inform the petitioners forth with that they axe free to attend the school. (Ext P6).**

ഈ കോടതി വിധിയിൽ നിന്നും താഴെ പറയുന്ന 10 കാര്യങ്ങൾ വ്യക്തമാണ്.

i) കസ്റ്റഡികാലയളവിലെ സസ്പെൻഷൻ പരിശോധിക്കേണ്ടത് 67 (1) പ്രകാരമല്ല. പിന്നെയോ 67 (3) പ്രകാരമാണ്.

ii) ജയിൽ മോചിതനായ അധ്യാപകനെ തുടർന്നും സസ്‌പെൻഷനിൽ നിർത്താൻ "Deemed suspension" അനുവദിക്കുന്നില്ല.

iii) ജയിൽ മോചിതനാകുന്ന നിമിഷം സസ്പെൻഷൻ അവസാനിക്കുന്നതും അധ്യാപകന് സ്കൂളിൽ പ്രവേശിക്കുന്നതിന് അർഹതയുമുണ്ട്. ആ നിമിഷം മുതൽ ശമ്പളം കിട്ടുന്നതിന് അർഹതയുമുണ്ട്.

iv) സ്കൂളിൽ പ്രവേശിക്കുന്നതിനെ മാനേജർ/ഡിപ്പാർട്ടുമെന്റ് തടസ്സപ്പെടുത്തിയാൽ പോലും ശമ്പളത്തിന് അർഹത ഉണ്ടായിരിക്കും.

v) കസ്റ്റഡികാലാവധി കഴിഞ്ഞുവരുന്ന അധ്യാപകനെ തിരികെ പ്രവേശിപ്പിക്കാതിരിക്കുന്നത് റൂൾ 67 (3) പ്രകാരം നിയമ വിരുദ്ധമായ തടയലാണ്.

**vi) 67 (3)** -ൽ പറയുന്ന "**till the final termination of the proceedings**" എന്നതിന്റെ അർത്ഥം കസ്റ്റഡി നടപടികൾ തീരുന്നതുവരെ എന്നാണ്.

**vii)** "**Subsistence Allowance**"-ന് **67 A**-യിൽ പറയുന്ന സസ്പെൻഷൻ കാലം തന്നെയാണ് **67 (3)**-ൽ പറയുന്ന കസ്റ്റഡി കാലവും.

**viii)** ജയിൽ മോചിതനായ തീയതി മുതൽ ശമ്പളത്തിന് അർഹതയുണ്ട്.

**ix)** പരാതിക്കാരനെ ഇപ്പോഴും തിരികെ പ്രവേശിപ്പിച്ചില്ലെങ്കിൽ ഉടൻ തന്നെ തിരികെ പ്രവേശിപ്പിക്കേണ്ടതാണ്.

**x)** കസ്റ്റഡി കാലാവധി കഴിഞ്ഞാൽ "**Subsistence Allowance**" കൊടുക്കുവാൻ റൂളിൽ വ്യവസ്ഥയില്ല.

**i)** പരാതിക്കാരൻ **(T.D. Anto)** ക്രിമിനൽ കേസ്സിൽ **17** ദിവസം കസ്റ്റഡിയായി കഴിഞ്ഞു.

**ii) 18-09-1999** മുതൽ **17-04-2007** വരെ ശ്രീ. ആന്റോയെ സസ്പെൻഷനിൽ നിർത്തി.

**iii)** ശ്രീ. ആന്റോയുടെ ഒഴിവിൽ മാനേജർ പകരം നിയമനം നടത്തി.

**iv)** പകരം നിയമിതന്റെ അംഗീകാര കേസ്സ് ഗവൺമെന്റിൽ എത്തി.

**v)** ശ്രീ. ആന്റോയുടെ **suspension** നിയമവിരുദ്ധമാണെന്ന് കണ്ടിട്ട് ഗവൺമെന്റ് **suo-motto** ആയി ശ്രീ. ആന്റോയെ തിരികെ പ്രവേശിപ്പിക്കുവാൻ **07-03-2007**-ൽ ഉത്തരവായി.

**vi)**ഗവൺമെന്റിന്റെ **07-03-2007**-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ **17-04-2007**-ൽ തിരികെ പ്രവേശിപ്പിച്ചു.

**vii)** തദവസരത്തിലും ക്രിമിനൽ കേസ് കോടതിയുടെ പരിശോധനയിൽ ആയിരുന്നു. കോടതി വിധി പറഞ്ഞത് **29-04-2009**-ൽ മാത്രമാണ്.

**Viii)** ജാമ്യത്തിൽ ഇറങ്ങിയ ആളിനെ തുടർന്ന് കേസ്സ് തീരുന്നതു വരെ സസ്പെൻഷൻ നിർത്തുന്നത് നിയമലംഘനമാണ്.

**ix)** സസ്പെൻഷൻ കാലയളവ് അർഹതയുള്ള അവധിയായി പരിഗണിക്കണമെന്ന് മാനേജർ ഉത്തരവിട്ടു.

**X)** അനധികൃതമായി പുറത്തു നിർത്തിയ കാലയളവിലെ ശമ്പളവും അലവൻസും നൽകുവാൻ കോടതി ഉത്തരവായി.

ഇതിൽ നിന്നും ജാമ്യത്തിൽ ഇറങ്ങിയ എന്നെ തുടർന്ന് സസ്പെൻഷനിൽ നിർത്തിയിരിക്കുന്ന നടപടി നിയമ വിരുദ്ധമാണെന്നും ടി കാലയളവിൽ എനിക്ക് സർവീസും ശമ്പളവും കിട്ടുന്നതിന് അർഹതയുണ്ടെന്നും വ്യക്തമാണ്.

**8). 2001 (2) KLT 809** ആയി റിപ്പോർട്ട് ചെയ്തിട്ടുള്ള ബഹു. ഹൈക്കോടതി വിധിയിൽ ;

**“when the Court declared the law Government is bound to implement the same uniformly to officers concerned.**

**To say that only persons who approached the Court could be given the benefit of the declaration of law is really discriminatory and arbitrary. It is also not conducive to the administrative efficiency to drive all the officers to court for redressal of their grievances when the law were already declared by the Court (Ext P9).**

ഞാൻ ഉദ്ധരിച്ചിട്ടുള്ള **EXT P6** ഉം **P 8** ഉം പരിഗണിച്ചാണ് ഗവൺമെന്റ്, **EXT P7** ഉത്തരവ് ശ്രീ. അബ്ദുൽ ബാസിദിന്റെ കേസ്സിൽ പുറപ്പെടുവിച്ചത്. എന്റെ കേസ്സും സമാനമാണ്. അതിനാൽ **EXT P6, P8** എന്നീ കോടതി വിധികൾ എനിക്കും അവകാശപ്പെട്ടതാണ്. അതിനാൽ എന്റെ കേസ്സിലും ടി കോടതി വിധികളും അതിനെ അടിസ്ഥാനമാക്കി ഗവൺമെന്റ് പുറപ്പെടുവിച്ച **EXT P7** ബാധകമാക്കി ഉത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു.

മേൽ പറഞ്ഞവയുടെ അടിസ്ഥാനത്തിൽ :

**i.** സസ്പെൻഷൻ നീട്ടി അനുവദിച്ചുകൊണ്ടുള്ള ആർ.ഡി.ഡി.യുടെ **09-02-2023**-ലെ ഉത്തരവ് അസാധുവാക്കുക.

**ii.** എന്നെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകി ഉത്തരവാകുക.

**Iii.** അനധികൃതമായി എന്നെ പുറത്തു നിർത്തിയിരുന്ന **16-12-2023** മുതലുള്ള കാലയളവ് സർവ്വീസ് ആയി അംഗീകരിച്ച് ഉത്തരവാകുക.

3. ഈസ്റ്റ് കല്ലട സി.വി.കെ.എം.എച്ച്.എസ്.എസ്.ലെ മാനേജരുടെ റിപ്പോർട്ട് ചുവടെ കൊടുക്കുന്നു :

കോടതിയുടെ ഉത്തരവ് പ്രകാരം സസ്പെൻഷനിലുള്ള അധ്യാപകൻ, ശ്രീ. ജോസഫ് കുട്ടി, ഒരു റിവിഷൻ ഹർജി സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ അത്തരം ഒരു റിവിഷൻ ഹർജിയുടെ പകർപ്പ് മാനേജർക്ക് ലഭിച്ചിട്ടില്ലാത്തതാണ്. അതിനാൽ അതിന് മറുപടി നൽകുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുകയും സാമാന്യ നീതിയുടെ ലംഘനമായി ഇത് പരിഗണിക്കേണ്ടതുമാണ്.ശ്രീ.ജോസഫ് കുട്ടി എന്ന അധ്യാപകന്

എതിരായി പല പരാതികൾ ഉയർന്നിട്ടുള്ളതാണ്. ഉദാഹരണത്തിന് അദ്ദേഹം അധ്യാപകനായിരിക്കുമ്പോൾ യാതൊരു അനുവാദവുമില്ലാതെ മറ്റൊരു സ്ഥാപനത്തിൽ CEO എന്ന സ്ഥാനം വഹിച്ചിരുന്നതായി കാണുകയും ഇത് അദ്ദേഹത്തിന്റെ ജോലിയെ ബാധിച്ചതായി ചൂണ്ടിക്കാണിച്ച് അദ്ദേഹത്തിനെതിരെ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് റിജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് 07/01/2022-ൽ ഞാനൊരു അപേക്ഷ സമർപ്പിച്ചിരുന്നതാണ്. എന്നാൽ യാതൊരു നടപടിയും ഉണ്ടായതില്ല.അങ്ങനെയിരിക്കെ സ്കൂളിൽ 12-ാം ക്ലാസ്സിൽ പഠിക്കുന്ന ചില വിദ്യാർത്ഥിനികൾ ശ്രീ. ജോസഫ് കുട്ടിക്ക് എതിരായി അതീവ ഗുരുതരമായ ചില ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. ഈ പരാതിയിൽ ശ്രീ. ജോസഫ് കുട്ടി അവരോട് അപമര്യാദയായി പെരുമാറിയതായും അവരുടെ വസ്ത്രങ്ങളിലും സ്വകാര്യഭാഗങ്ങളിലും അനുവാദമില്ലാതെ സ്പർശിച്ചതായും മറ്റും ആരോപണങ്ങളുണ്ട്. ഈ പരാതികൾക്കൊപ്പം സ്കൂളിലെ ഒരു മുൻവിദ്യാർഥിയും സമാനമായ ആരോപണങ്ങളോടെ പരാതി സമർപ്പിച്ചു. ഈ കുട്ടികളെ സ്കൂളിലെ സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലറുടെ അടുത്തേക്ക് വിടുകയും പരാതികൾ പോലീസിൽ അറിയിക്കുകയും ചെയ്തു.പോലീസ് നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി ഈസ്റ്റ് കല്ലട പോലീസ് സ്റ്റേഷനിലെ 1363, 1364, 1367/2022 നമ്പറായി പോക്സോ കേസുകൾ രജിസ്റ്റർ ചെയ്യുകയും, ശ്രീ ജോസഫ് കുട്ടിയെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്യുകയും ചെയ്തു. ഈ സാഹചര്യത്തിൽ ശ്രീ ജോസഫ് കുട്ടിയെ “ഡീംഡ് സസ്പെൻഷൻ" -ൽ നിർത്തുകയാണുണ്ടായത്.ഈ സസ്പെൻഷൻ ക്രിമിനൽ നടപടികൾ പൂർത്തിയാകുന്നത് വരെ നീട്ടണമെന്ന് ആവശ്യപ്പെട്ട് 28/11/2022 -ൽ ബഹുമാനപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ഇതിലും നടപടി വന്നില്ല.

ബഹുമാനപ്പെട്ട അസിസ്റ്റന്റ് സെഷൻസ് ജഡ്ജ് കൊല്ലം 15/12/2022 -ൽ ശ്രീ ജോസഫ് കുട്ടിക്ക് ജാമ്യം അനുവദിച്ചു. ജാമ്യത്തിന്റെ ഉത്തരവിൽ ഹർജിക്കാരൻ കേസിലെ ഇരകളെയോ മറ്റ് സാക്ഷികളെയോ ഒരുതരത്തിലും ബന്ധപ്പെടുവാൻ പാടില്ല എന്ന് കർശനമായും നിർദ്ദേശം ഉള്ളതാണ്. എന്നാൽ ജാമ്യം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ സ്കൂളിൽ തിരിച്ച് പ്രവേശിപ്പിക്കണം എന്ന് അപേക്ഷിക്കുകയാണ് ശ്രീ ജോസഫ് കുട്ടി ചെയ്തത്. ഇതേതുടർന്ന് വീണ്ടും റീജിയണൽ ഡെപ്യൂട്ടി ഡിറക്ടർക്ക് 21/12/2022 തീയതിയായി അപേക്ഷ സമർപ്പിക്കുകയും അതിൽ മറുപടി കിട്ടാത്ത സാഹചര്യത്തിൽ 27/01/2023 -ൽ ശ്രീ ജോസഫ് കുട്ടിയെ KER അധ്യായം XIV A ചട്ടം 67 (1) പ്രകാരം വിണ്ടും സസ്പെൻഡ് ചെയുകയും ടി സസ്പെൻഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ശ്രീ ജോസഫ് കുട്ടിക്ക് 4.4.2023 തീയതിയായി ചാർജ് മെമ്മോ നൽകുകയും ചെയ്തു.മേൽ സാഹചര്യത്തിൽ ക്രിമിനൽ നടപടികൾ പൂർത്തിയായി ശ്രീ ജോസഫ് കുട്ടി കുറ്റക്കാരനല്ല എന്ന് കാണുന്നതുവരെ അദ്ദേഹത്തെ അധ്യാപകൻ എന്ന നിലയിൽ ജോലി ചെയ്യുവാൻ അനുവദിക്കുന്നത് തികച്ചും നിയമവിരുദ്ധമായിരിക്കും.ടി അധ്യാപകനെ സ്കൂളിൽ തിരിച്ചെടുക്കുന്നത് അദ്ദേഹത്തിന്റെ ദുഷ്കൃത്യങ്ങൾക്ക് ഇരകളായ വിദ്യാർത്ഥികളെയും കേസിന്റെ സാക്ഷികളെയും അദ്ദേഹത്തിന് ബന്ധപ്പെടുവാനും

സ്വാധീനിക്കുവാനും അവസരം നൽകുന്ന പ്രവൃത്തിയാണ്. ഇത് കോടതി ഉത്തരവിന്റെ ലംഘനം എന്നതിലുപരി തികച്ചും അനീതിയായി ഭവിക്കുവാനും ഇടയുണ്ട്. മേൽപറഞ്ഞ കുറ്റകൃത്യത്തിന് ഇരകളായ കുട്ടികളും അവരുടെ സഹപാഠികളും മറ്റും തുടർന്നും പല ആവശ്യങ്ങൾക്കും മറ്റും സ്കൂളിൽ വരേണ്ടതുണ്ട്. അവരുടെ വീടുകൾ സ്കൂളിന് അടുത്താണ് താനും. മാത്രമല്ല ഇത്തരത്തിൽ ഒരു ആരോപണം നേരിട്ട്, സംശയത്തിന്റെ നിഴലിൽ നിൽക്കുന്ന അദ്ധ്യാപകനെ തുടർന്നും സ്കൂളിൽ പഠിപ്പിക്കുവാൻ നിയോഗിക്കുന്നത് മറ്റു കുട്ടികളുടെ സുരക്ഷയെയും സ്കൂളിന്റെ വിശ്വാസ്യതയെയും പ്രതികൂലമായി ബാധിക്കും. കുട്ടികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനും അവർ സുരക്ഷിതരാണെന്ന വിശ്വാസം മാതാപിതാക്കളിൽ ജനിപ്പിക്കുന്നതിനും നിയമസംവിധാനം പ്രതിജ്ഞാബദ്ധമാണ്.

ഒരു അധ്യാപകൻ എന്ന നിലയിൽ ഏറ്റവും ഹീനമായ കുറ്റകൃത്യങ്ങൾ ചെയ്തു എന്ന ആരോപണമാണ് ശ്രീ ജോസഫ് കുട്ടിക്ക് എതിരായി ഉള്ളത്. ഈ സാഹചര്യത്തിൽ അദ്ദേഹത്തെ അധ്യാപകനായി സ്കൂളിൽ പ്രവേശിപ്പിക്കുന്നത് സ്കൂളിലെ വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും ഭീഷണിയായി തീരും. അതുകൂടാതെ മറ്റുള്ള അധ്യാപകർക്ക് അത് തെറ്റായ സന്ദേശം നൽകുകയും സ്കൂളിന്റെ സത്‌പേരിന് തന്നെ വലിയ കളങ്കമായി മാറുകയും ചെയ്യും. മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത് ശ്രീ ജോസഫ് കുട്ടിയുടെ സസ്പെൻഷൻ ടി ക്രിമിനൽ നടപടി ക്രമങ്ങൾ പൂർത്തിയാകുന്നത് വരെ തുടരാൻ അനുവദിക്കണമെന്നും അതിനെതിരെയുള്ള റിവിഷൻ ഹർജി തള്ളി കളയണമെന്നും അഭ്യർത്ഥിക്കുന്നു. ടി അധ്യാപകനെതിരായുള്ള അച്ചടക്ക നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് വിദ്യാഭ്യാസ വകുപ്പിലെ ഉദ്യാഗസ്ഥരോട് ആവശ്യപ്പെടണമെന്നും അപേക്ഷ .

4.തിരുവനന്തപുരം മേഖലാ ഉപമേധാവി ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു:

കൊല്ലം ജില്ലയിലെ ഈസ്റ്റ് കല്ലട സി.വി.കെ.എം ഹയർസെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി കംപ്യൂട്ടർ സയൻസ് അധ്യാപകനായ ശ്രീ.ജോസഫ് കുട്ടി എം.നെതിരെ, ടി സ്കൂളിലെ +2 വിദ്യാർത്ഥികളായ 4 പേരും അവരുടെ രക്ഷകർത്താക്കളും ഒരു പൂർവ്വ വിദ്യാർത്ഥിയും ചേർന്ന് ഈസ്റ്റ് കല്ലട പോലീസ് സ്റ്റേഷനിൽ പോക്സോ ആക്ട് സെക്ഷൻ 19,21 കേസ് ഫയൽ ചെയ്യുകയും 24/11/2022 തീയതിയിൽ 13.25 മണിക്ക് ടിയാനെ അറസ്റ്റ് ചെയ്തതായും, മാനേജർ ഈ ഓഫീസിൽ അറിയിച്ചിരുന്നു. 15/12/2022 വരെ ശ്രീ.ജോസഫ് കുട്ടി എം.നെ റിമാന്റ് ചെയ്തിരുന്നു. കെ.ഇ.ആർ. അധ്യായം 14 എ സെക്ഷൻ 67 പ്രകാരം ഒരു അധ്യാപകൻ 48 മണിക്കൂറിൽ കൂടുതൽ പോലിസ് കസ്റ്റഡിയിൽ ആയാൽ, കസ്റ്റഡി കാലയളവിൽ പ്രസ്തുത വ്യക്തി കല്പിത സസ്പെൻഷൻ (ഡീംഡ് സസ്പെൻഷൻ) എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 24/11/2022 തീയതി മുതൽ കോടതി നടപടി അവസാനിക്കുന്നതുവരെ ഡീംഡ് സസ്പെൻഷൻ ആണെന്നാണ് മാനേജരുടെ

കത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. **KER Chapter XIV A Section 67(8)** പ്രകാരം ടി കേസിൽ പ്രഥമിക അന്വേഷണം നടത്തുന്നതിന് മുന്നോടിയായി ഈ ഓഫീസിൽ നിന്ന് മാനേജർ, പ്രിൻസിപ്പാൾ എന്നിവർക്ക് കത്ത് നൽകുകയും, ടി കേസിൽ ഉൾപ്പെട്ട എല്ലാ വ്യക്തികളെയും കുട്ടികളെയും നേരിൽ കേട്ട് മൊഴി രേഖപ്പെടുത്തുന്നതിന് സ്കൂളിൽ ഹാജരാകേണ്ടതാണെന്ന് പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രാഥമിക അന്വേഷണം നടത്തുന്നതിനായി സ്കൂൾ സന്ദർശിച്ചപ്പോൾ ടി സ്കൂളിൽ പ്ലസ് ടു കമ്പ്യൂട്ടർ സയൻസ് ബാച്ചിൽ നിലവിൽ പഠിക്കുന്ന **4** വിദ്യാർത്ഥിനികളും അവരുടെ രക്ഷകർത്താക്കളും പി.റ്റി.എ പ്രസിഡന്റ്, കൗൺസിലർ, മാനേജർ, ഒരു അധ്യാപകൻ എന്നിവർ ഹിയറിംഗിൽ പങ്കെടുത്തു. പരാതിക്കാരിയായ പൂർവ്വ വിദ്യാർത്ഥിനിയോ ടി വിദ്യാർത്ഥിനിയുടെ രക്ഷകർത്താക്കളോ പങ്കെടുത്തിരുന്നില്ല. പരാതിക്കാരി **2020**-ൽ ടി സ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കി പിരിഞ്ഞതാണെന്ന് മാനേജർ പറയുന്ന വിവരമേ ഈ ഓഫീസിന്റെ അറിവിലുള്ളൂ. അതിനാൽ പോക്സോ കേസിനാസ്പദമായ സംഭവത്തെക്കുറിച്ച് കൃത്യമായ വിവരം ലഭ്യമാകാത്ത സാഹചര്യത്തിലും ടിയാന് **Cr.MC No.2523/2022, Cr.No.2524/22** എന്നീ കേസുകളിൽ ബഹു.കൊല്ലം അഡീഷണൽ സെഷൻസ് കോടതി ജാമ്യം അനുവദിച്ച സാഹചര്യത്തിലും, മാനേജർ **formal suspension** ഉത്തരവ്, സമർപ്പിക്കാത്ത സാഹചര്യത്തിലുമാണ് സസ്പെൻഷൻ കാലയളവ് നീട്ടുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ കാലതാമസം നേരിട്ടത്. പ്രാഥമിക അന്വേഷണത്തിൽ സ്റ്റുഡൻസ് കൗൺസിലർ നൽകിയ മൊഴിയിൽ കുട്ടികൾക്ക് പ്രസ്തുത അധ്യാപകനിൽ നിന്ന് മോശമായ പെരുമാറ്റം ഉണ്ടായിട്ടുള്ളതായും കുട്ടികളുടെ മുഖത്ത് നോക്കാതെ ശരീര ഭാഗത്ത് നോക്കി സംസാരിക്കുന്നതായും ശരീര ഭാഗത്ത് സ്പർശിച്ചതായും പരാമർശിച്ചു. ശ്രീ.ജോസഫ് കുട്ടി എം.നെതിരെ പരാതി നൽകിയ വിദ്യാർത്ഥിനികളിൽ രണ്ട് പെൺകുട്ടികൾ നിലവിൽ പ്രസ്തുത സ്കൂളിൽ പഠിക്കുന്നതിനാൽ സസ്പെൻഷൻ നൽകണമെന്ന മാനേജരുടെ കത്തിന്റെ അടിസ്ഥാനത്തിൽ, നിലവിൽ ടി കുട്ടികൾ ക്ലാസ്സിൽ ഹാജരാകുന്നുണ്ടോയെന്ന് ഈ ഓഫീസിൽ നിന്ന് നേരിട്ട് അന്വേഷണം നടത്തി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ജോസഫ് കുട്ടി എം.നെ ജുഡീഷ്യൽ കസ്റ്റഡിയിലായ **24/11/2022** മുതൽ കേസ് അന്വേഷണം പൂർത്തിയാക്കുന്നതുവരെ കെ.ഇ.ആർ ചട്ടം **67** അധ്യായം **XIV A** യുടെ പിൻബലത്തിൽ സസ്പെൻഷൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ നിയമാനുസൃതമായ ഉപജീവനബത്ത ടിയാന് അനുവദിച്ചിരുന്നു .

**5**.സർക്കാർ ഇക്കാര്യം ഹർജിക്കാരന്റെയും മാനേജരുടെയും വാദങ്ങളും, സമർപ്പിച്ച രേഖകളും മേഖലാ ഉപമേധാവിയുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും കോടതി വിധികളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.ഹർജിക്കാരന്റെ സസ്പെൻഷൻ നീട്ടുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള മേഖലാ ഉപമേധാവിയുടെ **09.02.2023**-ലെ ഉത്തരവ് റദ്ദാക്കണമെന്നും, ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മാനേജർക്ക്

നിർദ്ദേശം നൽകണമെന്നും, അനധികൃതമായി പുറത്തു നിർത്തിയ **16.12.2022** മുതലുള്ള കാലയളവ് സർവ്വീസ് ആയി അംഗീകരിക്കണമെന്നുമാണ് ഹർജിയിൽ ആവശ്യപ്പെടുന്നത്.

ടി വിഷയത്തിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ ഇപ്രകാരമാണ്.

**1)** ഹർജിക്കാരൻ കല്ലട സി.വി.കെ.എം.എച്ച്.എസ്.എസ്.ൽ **09.09.2013** മുതൽ എച്ച്.എസ്.എസ്.ടി. (കംപ്യൂട്ടർ സയൻസ്) അധ്യാപകനായി തുടരുന്നു.

**2)** ഹർജിക്കാരനെതിരെ **+2** വിദ്യാർത്ഥികളായ **4** പേരും രക്ഷകർത്താക്കളും ഒരു പൂർവ്വ വിദ്യാർത്ഥിയും ചേർന്ന് ഈസ്റ്റ് കല്ലട പോലീസ് സ്റ്റേഷനിൽ **POCSO Case** ഫയൽ ചെയ്യുകയും ടിയാനെ **24.11.2022** തീയതിയിൽ അറസ്റ്റ് ചെയ്യുകയും **15.12.2022**-ൽ റിമാൻഡ് ചെയ്യുകയും ടിയാൻ **deemed suspension**-ൽ ആവുകയും ചെയ്തു.

**3) 24.11.2022** തീയതി മുതൽ കോടതി നടപടി അവസാനിക്കുന്നതുവരെ ഹർജിക്കാരൻ ഡീംഡ് സസ്പെൻഷനിലാണെന്നാണ് മാനേജർ വാദിക്കുന്നത്.

**4)** പരാതിക്കാരായ **4** വിദ്യാർത്ഥിനികളെയും അവരുടെ രക്ഷകർത്താക്കളെയും മറ്റും ഉൾപ്പെടുത്തി മേഖലാ ഉപമേധാവി ഹിയറിംഗ് നടത്തിയിട്ടുണ്ട്. എന്നാൽ പൂർവ്വ വിദ്യാർത്ഥിനി അതിൽ പങ്കെടുത്തിട്ടില്ല.

**5) POCSO** കേസിനാസ്പദമായ കൃത്യമായ വിവരങ്ങൾ ലഭ്യമായിട്ടില്ലെന്നും, ക്രിമിനൽ കേസുകളിൽ ഹർജിക്കാരന് കോടതി ജാമ്യം അനുവദിച്ചതിനാലും, മാനേജർ ഫോർമൽ സസ്പെൻഷൻ ഉത്തരവ് സമർപ്പിക്കാത്തതിനാലുമാണ് സസ്പെൻഷൻ കാലയളവ് നീട്ടുന്നതിൽ കാലതാമസം ഉണ്ടായതെന്ന് മേഖലാ ഉപമേധാവി റിപ്പോർട്ട് ചെയ്യുന്നു.

**6)** അധ്യാപകനിൽ നിന്നും മോശമായ പെരുമാറ്റം ഉണ്ടായിട്ടുള്ളതായും കുട്ടികളുടെ മുഖത്ത് നോക്കാതെ ശരീരഭാഗത്ത് നോക്കി സംസാരിക്കുന്നതായും ശരീരഭാഗത്ത് സ്പർശിച്ചതായും ടി പെൺകുട്ടികൾ മൊഴി നൽകിയിട്ടുള്ളതായും ടി കുട്ടികൾ സ്കൂളിൽ തുടരുന്നതിനാൽ ടി അധ്യാപകന് സസ്പെൻഷൻ നൽകണമെന്ന് മാനേജർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്കൂളിൽ നേരിട്ട് അന്വേഷണം നടത്തി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ടിയാനെ ജുഡീഷ്യൽ കസ്റ്റഡിയിലായ **24.11.2022** മുതൽ കേസന്വേഷണം പൂർത്തിയാകുന്നതുവരെ **KER Chapter XIV A Rule 67** പ്രകാരം സസ്പെൻഷൻ നടപടി സ്വീകരിച്ചതായും ടിയാന് നിയമാനുസൃതമായ ഉപജീവനബത്ത നൽകി വരുന്നതായും മേഖലാ ഉപമേധാവി റിപ്പോർട്ട് ചെയ്യുന്നു.

**7)** പെൺകുട്ടികൾ നൽകിയ ആരോപണങ്ങൾ കൂടാതെ ടി അധ്യാപകൻ **Jawaharlal Nehru Institute of Arts & Science** എന്ന സ്ഥാപനത്തിൽ സി.ഇ.ഒ. ആയി ജോലി

ചെയ്തിരുന്നുവെന്നും ഇതിനെതിരെ മേഖലാ ഉപമേധാവിക്ക് പരാതി നൽകിയെങ്കിലും നടപടിയൊന്നും തന്നെ എടുത്തിട്ടില്ലായെന്നും മാനേജർ ആരോപിക്കുന്നു.

6)അധ്യാപക തസ്തികയിൽ തുടർന്നു വരവെ മറ്റു തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ മാനേജർ **Rule 75** പ്രകാരം മെമ്മോ നൽകേണ്ടതാണെന്നും, എന്നാൽ അങ്ങനെയൊരു നടപടി മാനേജരുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ലെന്നും, ജാമ്യവ്യവസ്ഥ ലംഘിച്ചിട്ടില്ലെന്നും, ക്രിമിനൽ കോടതി ഉത്തരവിൽ സ്കൂളിൽ പ്രവേശിക്കുന്നതിന് വിലക്ക് കൽപിച്ചിട്ടില്ലെന്നും, **Rule 67(3)**ൽ **POCSO** കേസും ഉൾപ്പെടുമെന്നും, **Rule 67(1)** പ്രകാരം നടപടി സ്വീകരിക്കുവാൻ സാധിക്കില്ലായെന്നും, ക്രിമിനൽ കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസുകളുടെ നമ്പരുകൾ പരിശോധിച്ചാൽ അവ ഒറ്റ ദിവസം ഫയൽ ചെയ്തതാണെന്ന് മനസ്സിലാക്കാൻ സാധിക്കുമെന്നും, അധ്യായം **13** റൂൾ **(i)** പ്രകാരം മെമ്മോ നൽകിയിട്ടുണ്ട് എന്ന മാനേജരുടെ ആരോപണത്തിൽ അങ്ങനെയൊരു മെമ്മോ കിട്ടിയിട്ടില്ലെന്നും, പരാതിക്കാരായ മൂന്ന് കുട്ടികളിൽ ഒരാൾ **2018-2020** ബാച്ചിലേതും മറ്റ് രണ്ടു പേർ **2021-2023** ബാച്ചിലേതും ആണെന്നും ഹിയറിങ് വേളയിൽ ഹർജിക്കാരന്റെ പ്രതിനിധി വ്യക്തമാക്കുകയുണ്ടായി.

7)കൊല്ലം അഡീഷണൽ സെഷൻസ് കോടതിയുടെ **15.12.2022** -ലെ **Criminal MC No. 2522/2022 (Crime No. 1364/2022) Criminal MC No. 2523/2022 (Crime No. 1367/2022) Criminal MC No. 2524/2022 (Crime No. 1363/2022)** പരിശോധിക്കുമ്പോൾ, കോടതി പുറപ്പെടുവിച്ചിട്ടുള്ള പൊതുവായ നിർദ്ദേശങ്ങൾ ഇവയാണ് :

**(i) The petitioner shall execute a bail bond for Rs. 50,000/- Rupees Fifty thousand only), with two solvent sureties each for the like sum.**

**(ii) The petitioner shall appear before the Investigating Officer on every Wednesday and Saturday in between 12 p.m. and 1 p.m. and on all such occasions, as demanded by the Investigating Officer, till the submission of the Final Report.**

**(iii) The petitioner shall not influence or intimidate the victim or any other witness and he shall not try to establish any type of contacts with the victim girl.**

**(iv) The petitioner shall not leave the limits of the State of Kerala without the prior permission of this Court.**

**(v) The petitioner shall not involve any other crimes during the bail period.**

**(vi) Needless to say, any violation to the conditions imposed itself is a ground to cancel the bail.**

ടി കോടതി ഉത്തരവിലെ **Clause (iii)** പ്രകാരം, പരാതിക്കാരിയായ പെൺകുട്ടികളുമായി യാതൊരു വിധത്തിലും ബന്ധപ്പെടുവാനോ സ്വാധീനിക്കുവാനോ ശ്രമിക്കരുത് എന്നാണ് കോടതി ഉത്തരവായിട്ടുള്ളതെന്നും, അങ്ങനെയൊരു വീഴ്ച ടി അധ്യാപകന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നും എന്നാൽ ടി ഉത്തരവിൽ സ്കൂളിൽ പ്രവേശിക്കുന്നതിന് വിലക്ക് കൽപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിലും ടി പെൺകുട്ടികൾ അദ്ധ്യയനം പൂർത്തിയാക്കി കഴിഞ്ഞിട്ടുള്ള സാഹചര്യത്തിലും, **24.11.2022**-ൽ അറസ്റ്റിലാവുകയും **15.12.2022** വരെ റിമാൻഡിലാവുകയും ചെയ്ത ഹർജിക്കാരന് **15.12.2022**-ൽ അഡീഷണൽ സെഷൻസ് കോടതി ജാമ്യം അനുവദിച്ച സാഹചര്യത്തിലും, **KER** അധ്യായം **XIV A Rule 67(3)**-ന്റെ ആനുകൂല്യം നൽകി സ്കൂളിൽ പ്രവേശിക്കുവാൻ അനുമതി നൽകണമെന്ന് ഹർജിക്കാരൻ വാദിക്കുന്നു.

**8)**ശ്രീ. ജോസഫ് കുട്ടി എം -നെതിരെ **3** പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും **24/11/2022** -ന് ടിയാളെ അറസ്റ്റ് ചെയ്തിട്ടുള്ളതും **15/12/2022** -ന് **3** കേസുകളിലും വ്യവസ്ഥകളോടു കൂടി ജാമ്യം അനുവദിച്ചിട്ടുള്ളതായും കാണുന്നു. മേൽ കാലയളവിൽ ടിയാൾ **KER XIV A rule 67 (3)** പ്രകാരം **deemed suspension** -ൽ ആകുന്നതാണ്. ആയതിനാൽ ജാമ്യം ലഭിച്ച **15/12/2022** -ന് ഇയാളുടെ **deemed suspension** കാലയളവ് അവസാനിക്കുന്നതാണ്. ശ്രീ. ജോസഫ് കുട്ടിക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള, കൊല്ലം സ്പെഷ്യൽ ജഡ്ജ് പുറപ്പെടുവിച്ച പരാമർശം **(3)** ലെ വിധിന്യായങ്ങൾ പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത് ഇര തന്നെ ആരോപണങ്ങൾ നിഷേധിച്ചിട്ടുള്ളതായാണ്.

**9)**.കൂടാതെ, ഒരു ക്രിമിനൽ നടപടിയിലെ തെളിവുകളുടെ മാനദണ്ഡം എന്നത് വകുപ്പുതല നടപടിയിൽ സർക്കാർ ഉദ്യോഗസ്ഥന്റെ കുറ്റം തെളിയിക്കാൻ ആവശ്യമായ തെളിവുകളുടെ മാനദണ്ഡത്തിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. രണ്ട് നടപടികളും വ്യത്യസ്ത തലങ്ങളിലുള്ളവയും വ്യത്യസ്ത ഉദ്ദേശ്യ ലക്ഷ്യങ്ങളോട് കൂടിയവയും ആണ് എന്നതാണ് വസ്തുത. ക്രിമിനൽ നടപടിയിൽ കുറ്റാരോപിതനെതിരായ തെളിവുകൾ സംശയാതീതമായി തെളിയിക്കപ്പെടേണ്ടതുണ്ട്. തെളിവുകൾ ഹാജരാക്കുന്നതിലോ തെളിവുകൾ തമ്മിൽ ബന്ധപ്പെടുത്തുന്നതിലോ ഹാജരാക്കിയ തെളിവുകളുടെ വസ്തുതാപരമോ സാങ്കേതികമോ ആയ നിലനിൽപ്പ് കോടതിയെ ബോദ്ധ്യപ്പെടുത്തുന്നതിലോ പ്രോസിക്യൂഷന് സംഭവിയ്ക്കുന്ന വീഴ്ച ക്രിമിനൽ നടപടിയെ പ്രതികൂലമായി ബാധിയ്ക്കാവുന്നതും കുറ്റാരോപിതൻ കുറ്റവിമുക്തനാക്കപ്പെടാവുന്നതുമാണ്. എന്നാൽ വകുപ്പുതല നടപടി ഇതിൽ നിന്നും തികച്ചും വിഭിന്നവും **preponderance of probability** അഥവാ സാദ്ധ്യതകളുടെ മുൻതൂക്കം എന്നതാണ് വകുപ്പുതലനടപടിയിൽ അടിസ്ഥാനമാക്കുന്നതും.

**7.**ക്രിമിനൽ നടപടിയിൽ കുറ്റവിമുക്തനാക്കപ്പെട്ട വ്യക്തി സർക്കാർ സർവ്വീസിലെ ചട്ടങ്ങൾക്ക് വിരുദ്ധമായ ഏതെങ്കിലും നടപടിയിൽ ഏർപ്പെട്ടിട്ടുണ്ട് എന്ന് കാണുന്ന

പക്ഷം ടിയാനെതിരെ വകുപ്പുതല നടപടികൾ സ്വീകരിയ്ക്കാവുന്നതാണ്. എന്നാൽ അത്തരത്തിൽ വകുപ്പുതല നടപടികൾ കൈക്കൊള്ളുമ്പോൾ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിരിക്കേണ്ടതുണ്ട്. സസ്പെൻഡ് ചെയ്യപ്പെട്ട ഒരു സർക്കാർ ജീവനക്കാരന്റെ സസ്പെൻഷൻ ബന്ധപ്പെട്ട അതോറിറ്റിക്ക് ഏത് സമയത്തും പിൻവലിക്കാവുന്നതാണെന്ന് **1960** ലെ **KCS (CC&A) Rules**, ചട്ടം **10**, ഉപചട്ടം **(6)**-ൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. പ്രസ്തുത കേസിൽ ശ്രീ. ജോസഫ് കുട്ടിയുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട മൂന്ന് കേസുകളിലും ടിയാന് ജാമ്യം ലഭിച്ചപ്പോൾ ടിയാന്റെ **Deemed suspension** പിൻവലിച്ചിട്ടുള്ളതായും കാണുന്നില്ല .

**8.**മേൽ സാഹചര്യത്തിൽ, ശ്രീ. ജോസഫ് കുട്ടിയുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട മൂന്ന് കേസുകളിലും ടിയാന് ജാമ്യം ലഭിച്ച തീയതി മുതൽ സസ്പെൻഷൻ റദ്ദ് ചെയ്തു ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിഭാഗം)ക്കും, ടിയാനെതിരെയുള്ള അച്ചടക്കനടപടി തുടരുന്നതിനു മാനേജർക്കും നിർദ്ദേശം നൽകി, ശ്രീ. ജോസഫ് കുട്ടി സർക്കാർ മുൻപാകെ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി അപ്രകാരം **WP(C)No.4744/2023** കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർ ശം( **1** ) വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കൻഡറി വിഭാഗം), തിരുവനന്തപുരം
ശ്രീ.ജോസഫ് കുട്ടി.എം, എച്ച് എസ് എസ് ടി (കമ്പ്യൂട്ടർ സയൻസ്), സി വി കെ എം എച്ച്എസ്എസ്, ഈസ്റ്റ് കല്ലട കൊല്ലം.
മാനേജർ, സി വി കെ എം എച്ച്എസ്എസ്, ഈസ്റ്റ് കല്ലട കൊല്ലം.
വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
(പ്രസിദ്ധീകരണത്തിനായി )
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
സെക്ഷൻ ഓഫീസർ
Date: 03-07-2025 11:14:15